## ഹദീസ്

കെ.സി ജലീൽ പുളിക്കൽ

# സൂക്ഷിക്കുക, മുന്നിൽ ചതിക്കുഴി

عَنْ أَبِي هُرَيْرَة رَضِي الله عَنْه، قَالَ: قَالَ رَسُولُ اللّهِ ﷺ: يُوشِكُ أَنْ تَدَاعَى عَلَيْكُمْ الأُمَمُ كَمَا تَدَاعَى الأَكَلَةُ إِلَى قَصْعَتِهَا. قِيلَ أَوَ مِنْ قِلَّةٍ بِنَا يَوْمَئِذٍ يَا رَسُولَ اللّه؟ ' قَالَ: بَلْ إِنَّكُم يَوْمَئِذٍ كَثِيرُونَ وَلَكِنَّكُمْ غُثَاءٌ كَغُثَاءِ السَّيْلِ وَقَدْ نَزَلَ بِكُم الْوَهْنُ ، قِيلَ: وَمَا الْوَهَنُ يَا رَسُولَ اللّهِ؟ قَالَ: حُبُّ الدُّنْيَا وَكَرَاهِيَةُ الْمَوْتِ (أبوداود)

**അബൂഹുറയ്‌റ(റ)യിൽനിന്ന് നിവേദനം. നബി(സ) പറഞ്ഞു: 'ആർത്തിയുള്ളവർ ഭക്ഷണത്തളികയിലേക്ക് ചാടിവീഴുന്ന പോലെ മറ്റു സമുദായങ്ങൾ നിങ്ങളുടെ മേൽ ചാടിവീഴുന്ന ഒരു കാലം വരും.' 'അല്ലാഹുവിന്റെ ദൂതരേ, അന്ന് ഞങ്ങൾ എണ്ണത്തിൽ അത്രയും കുറവായിരിക്കുമോ?' എന്ന് ചോദിച്ചപ്പോൾ അവിടുന്ന് അരുൾ ചെയ്തു: 'അല്ല, അന്ന് നിങ്ങൾ ധാരാളമുണ്ടാകും. പക്ഷേ ഒഴുക്കുള്ള വെള്ളത്തിലെ ചണ്ടി ചവറുകൾപോലെ നിങ്ങൾ ചവറുകളായിരിക്കും. ബലഹീനത നിങ്ങളെ ബാധിച്ചിരിക്കും.' 'അല്ലാഹുവിന്റെ ദൂതരേ, എന്താണ് ബലഹീനത?' എന്നന്വേഷിച്ചപ്പോൾ നബി(സ) പറഞ്ഞു: 'ഐഹികാസക്തിയും മരണത്തോടുള്ള വെറുപ്പും' (അബൂദാവൂദ്).**

അന്ത്യപ്രവാചകൻ മുഹമ്മദ് നബി(സ)ക്ക് ഭാവിയിൽ തന്റെ സമുദായത്തിനു വരാനിരിക്കുന്ന ദുരന്തങ്ങളെക്കുറിച്ച് ചില മുൻകാഴ്ചകൾ അല്ലാഹു നൽകിയിട്ടുണ്ട്. അതിലൊന്നാണീ വചനം. മുമ്പത്തേക്കാളും ആഴത്തിൽ ഇന്ന് ഈ വചനം ഗ്രഹിക്കാനാകും. മുസ്‌ലിം ഭൂരിപക്ഷ നാടുകളിലേക്ക് കണ്ണോടിച്ചാൽ ഇതാർക്കും ബോധ്യപ്പെടും.

തിരുവചനത്തിന്റെ തുടക്കത്തിൽ തന്നെ ചിത്രീകരിച്ച ആർത്തിപൂണ്ട തീറ്റക്കൊതിയന്മാർ ഭക്ഷണത്തളികയിലേക്ക് ചാടിവീഴുന്ന പോലെ മുസ്‌ലിം സമൂഹത്തിനു നേരെ ഇതര സമൂഹങ്ങൾ ചാടിവീഴുന്ന ദാരുണ കാഴ്ചകൾ ദിനേന വർധിച്ചുവരികയാണ്.

അക്രമികൾ എന്ത് ക്രൂരത നടത്തിയാലും ഒരു പ്രതിഷേധവുമില്ലാത്തവിധം മുസ്‌ലിം നാടുകളും സമൂഹവും തിരുവചനത്തിൽ വിശേഷിപ്പിച്ച പോലെ, വെറും ചണ്ടികളായിത്തീർന്നിരിക്കുന്നു. പ്രതികരണ ശേഷിയോ ആത്മാഭിമാനമോ ഇല്ലാത്തവർ. എന്തുവന്നാലും തന്റെ സുഖാഢംബരങ്ങൾക്ക് ഭംഗം വരരുതെന്ന് മാത്രം ശാഠ്യമുള്ളവർ. ഇസ്‌ലാമിനെ പേടിക്കുന്ന, ഇസ്‌ലാമിക ചിഹ്നങ്ങളുടെ സംരക്ഷകർ!

എന്തുകൊണ്ടിങ്ങനെ? ഈ ദുരന്തത്തിലേക്കെത്തിച്ച പ്രധാന കാരണങ്ങളെന്ത്? ആ കാരണങ്ങൾ രണ്ടാണ്. ഐഹികാസക്തിയും മരണത്തോട് വെറുപ്പും.

ഐഹികാസക്തി ആരെയും അപകടപ്പെടുത്തുന്ന ചതിക്കുഴിയാണ്. അറിയാതെ അകപ്പെട്ടുപോകും, അതീവ ജാഗ്രത പുലർത്തിയില്ലെങ്കിൽ. ഖുർആൻ പലയിടങ്ങളിൽ അക്കാര്യം ഉണർത്തിയിട്ടുണ്ട്. ''ജനങ്ങളേ, നിങ്ങൾ നിങ്ങളുടെ നാഥനെ സൂക്ഷിക്കുവീൻ. പിതാവ് തന്റെ പുത്രന് ഒരുപകാരവും ചെയ്യാനാകാത്ത, പുത്രന് തന്റെ പിതാവിന് ഒരുപകാരവും ചെയ്തു കൊടുക്കാൻ സാധിക്കാത്ത ദിനത്തെ ഭയപ്പെടുവിൻ. തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാകുന്നു. അതിനാൽ ഐഹിക ജീവിതം നിങ്ങളെ ഒരിക്കലും വഞ്ചിക്കാതിരിക്കട്ടെ. ഒരു വഞ്ചകനും അല്ലാഹുവിന്റെ കാര്യത്തിൽ നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ'' (*ലുഖ്മാൻ* 33). ഈ ഖുർആൻ സൂക്തത്തിൽ ശാശ്വതമായ പാരത്രിക ജീവിതത്തെ നിത്യദുരിതത്തിലേക്കെത്തിക്കുന്ന ഒന്നാമത്തെ വഞ്ചകൻ ഭൗതികതയാണെന്നും വഞ്ചനയുടെ പര്യായങ്ങളായ പിശാചുക്കൾ അതിനു ചുറ്റുമാണ് വട്ടമിടുന്നതെന്നും ഓർമപ്പെടുത്തുന്നു.

ഉന്നത പണ്ഡിത ശ്രേഷ്ഠരെയും കർമോത്സുകരായ പ്രസ്ഥാന നായകന്മാരെയും പ്രവർത്തകരെയും ഉയരങ്ങളിൽനിന്ന് വലിച്ച് താഴെയിട്ട് അവരെ നീചരിൽ നീചരാക്കിത്തീർക്കാൻ ഐഹികാസക്തിക്കുള്ള കഴിവിനെ, ഭീതിപ്പെടുത്തുന്ന ശൈലിയിൽ ഖുർആൻ ഉപമിക്കുന്നത് നോക്കൂ: ''നമ്മുടെ വചനങ്ങളിലുള്ള ജ്ഞാനം നാം നൽകിയ ഒരാളുടെ സംഭവം നീ അവരെ വായിച്ചു കേൾപ്പിക്കുക. അയാൾ ആ വചനങ്ങളിൽനിന്നൊഴിഞ്ഞുമാറി. അപ്പോൾ പിശാച് അയാളുടെ പിറകെ കൂടി. അങ്ങനെ അയാൾ വഴിതെറ്റി. നാം വിചാരിച്ചിരുന്നെങ്കിൽ ആ വചനങ്ങളിലുള്ള ജ്ഞാനത്തിലൂടെ അയാളെ ഉയരങ്ങളിലെത്തിക്കുമായിരുന്നു. എന്നാൽ അയാൾ ഭൂമിയോടൊട്ടിച്ചേർന്നു തന്നിഷ്ടത്തെ പിൻപറ്റുകയായിരുന്നു. അതിനാൽ അയാളുടെ ഉപമ ഒരു നായയുടേതാണ്. നീ അതിനെ ഉപദ്രവിച്ചാലത് നാക്കുനീട്ടി നീരൊലിപ്പിക്കും. വെറുതെ വിട്ടാലും നാക്കു നീട്ടി നടക്കും. ഇതു തന്നെയാകുന്നു നമ്മുടെ ദൃഷ്ടാന്തങ്ങളെ തള്ളിക്കളയുന്നവർക്കുള്ള ഉപമ. താങ്കൾ ഈ കഥ അവരെ കേൾപ്പിച്ചുകൊണ്ടിരിക്കുക. അവർ കുറച്ചെങ്കിലും ആലോചിച്ചെങ്കിലോ'' (*അൽഅഅ്റാഫ്* 175,176).

ദിവ്യഗ്രന്ഥം കൈയിലുള്ള മുസ്‌ലിംകൾക്ക് ഏറ്റവും യോജിച്ച ഉപമ തന്നെയാണിത്. ഖുർആനിന്റെ ആദ്യകാല അനുയായികൾ ദിവ്യസന്ദേശവുമായിട്ടാണ് ലോകത്തിന്റെ നാനാഭാഗത്തേക്കും നീങ്ങിയിരുന്നതെങ്കിൽ, ഇന്നത്തെ മുസ്‌ലിംകൾ ഭൗതികാസക്തിയുമായി നാടൊട്ടുക്ക് നാവുനീട്ടി നടക്കുകയാണ്. അമിതാസക്തികൾ വരുത്തിവെച്ച രോഗം വ്യാപകമായപ്പോൾ ജീവിക്കാനുള്ള കൊതിയും മരണ ഭയവും മൂലം ഉയർന്ന ചികിത്സയും തേടി പണച്ചാക്കുമായി ലോകത്തുടനീളമുള്ള 'ചികിത്സാ കെണികളിൽ' ചെന്നു ചാടുകയാണ്.

ദുൻയാവ് ശവമാണെന്നു പറഞ്ഞ് കാടുകയറാൻ ഇസ്‌ലാം അനുവദിച്ചിട്ടില്ല. മരണത്തെ പേടിയില്ലെന്ന് പറഞ്ഞു ജിഹാദിന്റെ പേരിൽ എന്തിലേക്കും ചാടിമരിക്കാനും ഇസ്‌ലാം അനുവദിച്ചിട്ടില്ല. ഭൗതികാസക്തി പോലെത്തന്നെ ഈ ചിന്താഗതിയും അപകടമാണ്. രണ്ടും ഇസ്‌ലാമിക വിരുദ്ധർ പ്രചരിപ്പിക്കുന്ന അപകട ചിന്തകളാണ്. ഇവ രണ്ടിനും മധ്യേ ഖുർആനും പ്രവാചക ചര്യയും കാണിച്ചുതരുന്ന സുരക്ഷിത പാതയാണ് അല്ലാഹു അംഗീകരിച്ച ഏക സന്മാർഗം. ഇഹ-പര ജീവിതത്തിന് അർഹമായ സ്ഥാനം നൽകുന്ന സന്തുലിത മാർഗമാണത്. ദുൻയാവും അതിലെ സർവത്ര വിഭവങ്ങളും സ്വശരീരവും അല്ലാഹു അതീവ പ്രാധാന്യത്തോടെ സംവിധാനിച്ചൊരുക്കിത്തന്ന അമാനത്താണ്. അതിനെ നിസ്സാരമാക്കിത്തള്ളുന്ന എല്ലാ പരിത്യാഗ ചിന്താഗതികളും ദൈവനിന്ദയും അക്രമവുമാണ്. പരലോകത്തേക്കുള്ള കൃഷിയിടമാണ് ഇഹലോകം. താൽക്കാലികവും നശ്വരവുമായ ഈ ലോകം ശാശ്വത പാരത്രിക വിജയത്തിനായി അല്ലാഹു നിർദേശിച്ച വഴിയിലൂടെ സൂക്ഷ്മമായി പഠിച്ചറിഞ്ഞ് ഉപയോഗിക്കണം. ●